"ഭരണഭാഷ - മാതൃഭാഷ"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ. റ്റി.വി IAS)

തിരുവനന്തപുരം

**ഉത്തരവ് നമ്പർ:F2-36185/16** തീയതി: 13.06.2017.

വിഷയം: സാമൂഹ്യനീതി വകുപ്പ് - ഗാർഹിക പീഡന നിരോധന നിയമത്തെക്കുറിച്ച് ഒരു അവലോകന സർവ്വേയ്ക്ക് അനുമതിയും ഇതിലേക്കാവശ്യമായ തുക വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: സ.ഉ. (സാധാ)നം. 292/2017/സാ.നീ.വ. തീയതി: 24.05.2017.

ഗാർഹിക പീഡന നിരോധന നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു അവലോകനവും സർവ്വേയും നടത്തുന്നതിനും, സംസ്ഥാനതല സർവ്വേ ക്രോഡീകരിക്കുന്നതിനുമായി 4,57,000/- രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശ പ്രകാരം ഗവൺമെന്റ് അനുമതി ലഭിച്ചിട്ടുണ്ട്.

ഗാർഹിക പീഡന നിരോധന നിയമപ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ള സ്ത്രീകളിൽ നിന്ന് ഓരോ ജില്ലയിലേയും 100 സ്ത്രീകളെ ഉൾപ്പെടുത്തി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ഒരു സർവ്വേ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഈ നിയമം കൊണ്ട് സ്ത്രീകൾക്കുണ്ടായ ഗുണഫലങ്ങളെപ്പറ്റിയുള്ള ഒരു വിലയിരുത്തലാണ് ഈ പ്രോജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്.

ഇതിലേക്കായി ഓരോ ജില്ലയിലെയും വനിതാ പ്രൊട്ടക്ഷൻ ഓഫീസർക്ക് 32,500/- രൂപ വീതം 14 പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് 4,55,000/- (32,500x14) രൂപയും സംസ്ഥാനതല സർവ്വേ ക്രോഡീകരണത്തിന് തിരുവനന്തപുരം വുമൺ പ്രൊട്ടക്ഷൻ ഓഫീസർക്ക് 2,000/- രൂപയും ഉൾപ്പെടെ ആകെ 4,57,000/- രൂപ (നാല് ലക്ഷത്തി അൻപത്തി ഏഴായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

**ബഡ്ജറ്റ്**

| | | |
|---|---|---|
| 1. | നോട്ടീസ്/ ബാനർ | 1,000 |
| 2. | സ്റ്റേഷനറി (50 x 50) | 2,500 |
| 3. | ചായ, ലഘുഭക്ഷണം (50 x 20) | 1,000 |
| 4. | ഹോണറേറിയം (2 x 1000) | 2,000 |
| 5. | ഫോട്ടോ | 800 |

PL

PDF processed with CutePDF evaluation edition www.CutePDF.com

| | | |
|---|---|---|
| 6. | മിസലേനിയസ് | 1,200 |
| 7. | മൈക്ക്, ഹാൾ ക്രമീകരണം | 2,000 |
| 8. | ഉച്ചഭക്ഷണം (50 x 100) | 5,000 |
| 9. | ഡോക്യുമെന്റേഷൻ/ ഫോട്ടോകോപ്പി | 1,000 |
| 10. | സർവ്വേ ക്രോഡീകരണം | 1,000 |
| 11. | സർവ്വേ ചാർജ് + ടി.എ.(1500 x 10) | 15,000 |
| **ആകെ** | | **32,500/-** |
| 14 ജില്ലകളിലായി 14 x 32,500 | | 4,55,000/- രൂപ |
| സംസ്ഥാനതല സർവ്വേ ക്രോഡീകരണം | | 2,000/- രൂപ |
| **ആകെ** | | **4,57,000/- രൂപ** |

**(നാല് ലക്ഷത്തി അൻപത്തി ഏഴായിരം രൂപ മാത്രം)**

സംസ്ഥാനതലത്തിലുള്ള സർവ്വേ ക്രോഡീകരണം തിരുവനന്തപുരം വനിതാ പ്രൊട്ടക്ഷൻ ഓഫീസർ നിർവ്വഹിക്കേണ്ടതാണ്. സർവ്വേ പ്രവർത്തന രൂപരേഖ, സർവ്വേ ചോദ്യാവലി എന്നിവ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രവർത്തന രൂപരേഖ പ്രകാരം സർവ്വേ നടത്തുന്നതിനു വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

ഗാർഹിക പീഡന നിരോധന നിയമത്തെക്കുറിച്ച് അവലോകനവും സർവ്വേയും നടത്തുന്നതിനായി വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് ചുവടെ പരാമർശിക്കുന്ന പ്രകാരം തുക അനുവദിക്കേണ്ടതാണ്.

| | |
|---|---|
| തിരുവനന്തപുരം | 34,500/- |
| കൊല്ലം | 32,500/- |
| പത്തനംതിട്ട | 32,500/- |
| ആലപ്പുഴ | 32,500/- |
| കോട്ടയം | 32,500/- |

| | |
|---|---|
| ഇടുക്കി | 32,500/- |
| എറണാകുളം | 32,500/- |
| തൃശ്ശൂർ | 32,500/- |
| പാലക്കാട് | 32,500/- |
| മലപ്പുറം | 32,500/- |
| കോഴിക്കോട് | 32,500/- |
| വയനാട് | 32,500/- |
| കണ്ണൂർ | 32,500/- |
| കാസർഗോഡ് | 32,500/- |
| **ആകെ** | **4,57,000/-** |

ടി തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

തുക ചെലവഴിച്ചശേഷം വിശദമായ ചെലവ് വിവര പട്ടികയും ധനവിനിയോഗ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

എല്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും

**പകർപ്പ്:-**

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
2. സൂപ്രണ്ട്, എ-സെക്ഷൻ (തുക അനുവദിക്കുന്നതിനായി)
3. സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

PL

# വനിത പ്രൊട്ടക്ഷൻ ഓഫീസ്
# സാമൂഹ്യനീതി വകുപ്പ്
## ഗാർഹിക പീഡന നിരോധന നിയമ സർവ്വേ

## ചോദ്യാവലി

2016 ഒക്ടോബർ മാസത്തിൽ ഗാർഹിക അതിക്രമങ്ങളിൽ നിന്നുസ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 കേരളത്തിൽ നടപ്പിലാക്കിയിട്ട് 10 വർഷം പൂർത്തിയാവുകയാണ്. ഇത്തരുണത്തിൽ ഈ നിയമപ്രകാരം നീതി തേടി കേരളത്തിലെ കോടതികളിൽ കേസ് രജിസ്റ്റർ ചെയ്ത സ്ത്രീകൾക്ക്, അവർക്ക് കേസ് നടത്തിപ്പിലുണ്ടായ അനുഭവങ്ങളും പ്രയോജനങ്ങളും പോരായ്മകളും സംബന്ധിച്ച് ഒരു സർവ്വേ നടത്തപ്പെടുന്നു. അതിനായി തയ്യറാക്കിയ ചോദ്യാവലി താഴെക്കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1 | പേര്, അഡ്രസ്സ് | – | 1. ........................................<br>........................................<br>........................................<br>2. വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല |
| 2. | തൊഴിൽ സംബന്ധിച്ച വിവരങ്ങൾ | – | 1 . ഗവ. ജോലി/ അർദ്ധസർക്കാർ ജോലി<br>2. പ്രൈവറ്റ് സ്ഥാപനങ്ങളിൽ<br>3. കൂലിപ്പണി<br>4. വീട്ടമ്മ |
| 3. | സ്വന്തമായി വസ്തു ഉണ്ടോ | – | 1. ഉണ്ട്/ ഇല്ല |
| 4 | വയസ്സ്(പീഢനത്തിനിരയായപ്പോൾ ) | – | 1. 20 നും 35നും ഇടയ്ക്ക്<br>2. 35 നും 50നും ഇടയ്ക്ക്<br>3. 50 നും 65 നും ഇടയ്ക്ക്<br>4. 65 നു ശേഷം<br>5. ഇക്കാലയളവിലെല്ലാം |
| 5. | ഗാർഹിക അതിക്രമങ്ങളിൽ നിന്നുള്ള നിയമസംരക്ഷണത്തെക്കുറിച്ച് നിങ്ങൾക്ക് അറിവുകിട്ടിയത് എവിടെനിന്ന് | – | 1. പോലീസ്<br>2. ആശുപത്രി<br>3. മാധ്യമങ്ങൾ<br>4. ബോധവൽക്കരണ ക്ലാസുകളിൽ നിന്ന്<br>5. ജനപ്രതിനിധികളിൽ നിന്ന് |
| 6 | നിങ്ങൾക്ക് ഗാർഹിക അതിക്രമങ്ങൾഉണ്ടായത് ആരിൽ നിന്ന് | – | 1. ഭർത്താവിൽ നിന്ന്<br>2. ഭർത്താവിന്റെ ബന്ധുക്കളിൽ നിന്ന്<br>3. സ്വന്തം കുടുംബാംഗങ്ങളിൽ നിന്ന് |
| 7 | ഗാർഹിക പീഡനം ആരംഭിച്ചത് എന്നു മുതൽ | – | 1. വിവാഹം കഴിഞ്ഞ നാൾമുതൽ<br>2. അഞ്ചുവർഷത്തിനുശേഷം<br>3. പത്തുവർഷത്തിനുശേഷം |

11

| | | | |
|---|---|---|---|
| 8 | ഗാർഹിക അതിക്രമങ്ങൾക്കു കാരണമായി നിങ്ങൾ കാണുന്നത് | – | 1.ഭർത്താവിന്റെ മദ്യപാനം<br>2.ഉത്തരവാദിത്തമില്ലായ്മ<br>3.സ്ത്രീധനം സംബന്ധിച്ച്<br>4. പരസ്ത്രീ ബന്ധം , സംശയം<br>5. മാനസികരോഗം |
| 9. | ഗാർഹിക പീഡനം മൂലം നിങ്ങൾക്കുണ്ടായ ആരോഗ്യ പ്രശ്നങ്ങൾ | – | 1.ഉറക്കക്കുറവ്<br>2.ടെൻഷൻ<br>3.ഉയർന്ന രക്തസമ്മർദ്ദം<br>4.വിഷാദം<br>5.ഇതൊന്നുമില്ല<br>6. ഇതെല്ലാം ഉണ്ട് |
| 10 | പീഡനം ആരംഭിച്ച എത്രവർഷത്തിനു ശേഷം കേസ് ഫയൽ ചെയ്തു | | 1.ഉടൻ തന്നെ<br>2.ഒന്നും അഞ്ചും വർഷത്തിനിടയ്ക്ക്<br>3.അഞ്ചും പത്തും വർഷത്തിനിടയ്ക്ക്<br>4.പത്തു വർഷങ്ങൾക്കു ശേഷം |
| 11 | ഇത്ര നാൾ ഗാർഹിക പീഡനം നിശബ്ദം സഹിച്ചത് എന്തുകൊണ്ട് | | 1.എന്തു ചെയ്യണമെന്നറിയില്ലായിരുന്നു<br>2.കുടുംബത്തിന്റെ മാനക്കേടോർത്ത്<br>3. മക്കളുടെ ഭാവിയെ കരുതി<br>4. പണമില്ലാത്ത അവസ്ഥ<br>5. ഉപദ്രവം കൂടുതലാകുമോ എന്ന് ഭയന്ന് |
| 12. | ഏതു തരം പീഢനമാണ് ഉണ്ടായിരുന്നത് | – | 1. ശാരീരീകം<br>2. മാനസികം<br>3. ലൈംഗിക പീഢനം<br>4. സാമ്പത്തിക പീഢനം (ചെലവിന് നൽകാതിരിക്കൽ)<br>5. വീട്ടിൽ നിന്നിറക്കി വിടുക<br>6. കുട്ടികളെ കാണിക്കാതിരിക്കുക |
| 13. | വിവാഹ മോചനക്കേസ് ഫയൽ ചെയ്തിട്ടുണ്ടോ | | ഉവ്വ്/ ഇല്ല |
| 14. | ഉണ്ടെങ്കിൽ കേസിന്റെ | – | 1. കേസ് നടക്കുന്നു. |

| | | | |
|---|---|---|---|
| | ഇപ്പോഴത്തെ അവസ്ഥ | | 2. വിവാഹമോചനം അനുവദിച്ചു.<br>3. ഒത്തുതീർപ്പായി |
| 15 | ഗാർഹിക അതിക്രമക്കേസ് ഫയൽ ചെയ്ത് ആരു മുഖേന | – | 1. സ്വന്തമായി വക്കീൽമുഖേന<br>2. പ്രൊട്ടക്ഷൻ ഓഫീസ് വഴി<br>3. സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ മുഖേന<br>4. .ലീഗൽ സർവ്വിസ് അതോറിറ്റി മുഖേന |
| 16 | കേസ് ഫയൽ ചെയ്തിട്ട് എത്ര നാളായി | – | 1.ആറുമാസം വരെ<br>2. ആറുമാസംമുതൽ 1 വർഷംവരെ<br>3. 1 വർഷം മുതൽ 2 വർഷം വരെ<br>4. 2 വർഷത്തിനു മുകളിൽ |
| 17 | ഇടക്കാല ഉത്തരവ് ലഭിച്ചത് | – | 1. ഫയൽ ചെയ്ത് 2 ആഴ്ചയ്ക്കുള്ളിൽ<br>2. മൂന്നു മാസത്തിനുള്ളിൽ<br>3. ഒരു വർഷത്തിനുള്ളിൽ<br>4. ഒരു ഉത്തരവും ലഭിച്ചില്ല |
| 18 | കേസിന്റെ ഇപ്പോഴത്തെ അവസ്ഥ | – | 1. നടന്നുകൊണ്ടിരിക്കുന്നു.<br>2. ഫൈനൽ ഉത്തരവ് ലഭിച്ചു.<br>3. ഇടക്കാല ഉത്തരവ് ലഭിച്ചു<br>4. ഇടക്കാല ഉത്തരവ് പോലും ലഭിച്ചില്ല<br>5. മദ്ധ്യസ്ഥത പ്രകാരം കേസ് പിൻവലിച്ചു.<br>6. കേസ് മുന്നോട്ട് കൊണ്ടുപോകാനാകാതെ ഉപേക്ഷിച്ചു. |
| 19 | കേസിൽ ലഭിച്ച ഉത്തരവുകൾ | – | 1. സംരക്ഷണ ഉത്തരവ്<br>2. വീട്ടിൽ താമസിക്കുന്നതിനുള്ള അനുവാദം<br>3. ഭർതൃവീട്ടിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അനുവാദം<br>4. ചെലവിന് കിട്ടുന്നതിന് ഉള്ള ഉത്തരവ്<br>5. കുട്ടികളുടെ കസ്റ്റഡി |
| 20. | ലഭിച്ച ഉത്തരവുകൾ നടപ്പായി കിട്ടിയോ | – | 1. ഉവ്വ്/ ഇല്ല<br>2. ഭാഗികമായി |
| 21 | പീഡനത്തിനിരയായ സ്ത്രീ എന്ന നിലയിൽ പോലീസിന്റെ ഭാഗത്തു നിന്നുള്ള സമീപനം | – | 1.തൃപ്തികരം ആയിരുന്നു.<br>2 തൃപ്തികരമല്ലായിരുന്നു<br>3.തിക്താനുഭവങ്ങൾ ഉണ്ടായി |

15

| | | | |
|---|---|---|---|
| | ഹ(?)ന്ദനെയായിരുന്നു. | | 4. പോലീസിനെ സമീപിച്ചില്ല |
| 22 | . കേസ് നടത്തിപ്പിന് എത്ര രൂപ ചെലവായി | | |
| 23 | കേസ് നടത്തിയ ശേഷം ഭർത്താവിന്റെ മനോഭാവത്തിൽ വന്നമാറ്റം | – | 1. ശത്രുതകൂടി<br>2. വിവാഹമോചനത്തിന് കേസുകൊടുത്തു<br>3. ഉപേക്ഷിച്ചുപോയി<br>4. ശാരീരികഉപദ്രവം കുറച്ച് നിലച്ചു.<br>5. സ്വൈര്യ ജീവിതം ഉണ്ടായി<br>6. ഭർത്താവിൽ നിന്നു കൂടുതൽ സ്നേഹവും ബഹുമാനവും ലഭിച്ചു |
| 24 | കോടതി ഉത്തരവുകൾ എതിർ കക്ഷി അനുസരിച്ചോ | – | 1. ഉവ്വ്<br>2. ഇല്ല<br>3. ഭാഗികമായി |
| 25 | കേസ് നടത്തിയതിനാൽ നിങ്ങൾക്കു സംഭവിച്ചത് | – | 1. സന്തോഷകരമായ കുടുംബജീവിതം പുന:സ്ഥാപിച്ചുകിട്ടി<br>2 പീഢനം സഹിക്കേണ്ടതില്ലെന്ന് തിരിച്ചറിഞ്ഞു<br>3 കുടുംബത്തിലും സമൂഹത്തിലും ഒറ്റപ്പെട്ടതായി അനുഭവപ്പെട്ടു.<br>4 ജീവിതത്തെ ഒറ്റയ്ക്ക് നേരിടാൻ പഠിച്ചു<br>5 കൂടുതൽ ആത്മവിശ്വാസം തോന്നി<br>6 സംഗതികൾ മുമ്പത്തെക്കാൾ വഷളായി |
| 26. | കേസിന് പോയതുകൊണ്ട് ഗുണമാണോ ദോഷമാണോ ഉണ്ടായത് | | 1. ഗുണമുണ്ടായി<br>2. ദോഷമുണ്ടായി<br>3. ഒരുമാറ്റവും വന്നില്ല |
| 27. | കേസിന് പോകേണ്ടായിരുന്നില്ലാ എന്നു തോന്നിയോ | | ഉവ്വ്/ ഇല്ല |
| 28. | ഗാർഹിക പീഢിതയായ മറ്റൊരു സ്ത്രീക്ക് നിങ്ങൾ എന്തു ഉപദേശം കൊടുക്കും | | 1 . കേസിന് പോകണമെന്ന്<br>2. ഒരിക്കലും കേസിന് പോകരുതെന്ന്<br>3. കൗൺസിലിംഗിന് പോയാൽ മതിയെന്ന്<br>4. വിവാഹമോചനമാണ് നല്ലതെന്ന് |
| 29. | ഈ നിയമം വന്നതുകൊണ്ട് സ്ത്രീകൾക്ക് എന്തു ഗുണമുണ്ടായി എന്ന് നിങ്ങൾ കരുതുന്നു. | | 1. സുരക്ഷതത്വബോധം<br>2. ചെറുത്തു നിൽക്കാനുള്ള ധൈര്യം<br>3. കൂടുതൽ ലിംഗസമത്വബോധം<br>4. സ്ത്രീക്ക് കുടുംബത്തിൽ വലിയ പ്രധാന്യമുണ്ടെന്ന് തിരിച്ചറിവ് |
| 30. | എന്തെങ്കിലും കാരണം കൊണ്ട് ഭാര്യയെ ഉപദ്രവിക്കുവാൻ ഭർത്താവിന് അവകാശമുണ്ട് എന്ന് നിങ്ങൾ ഇന്നു കരുതുന്നുവോ | | ഉവ്വ്/ ഇല്ല |

Prepared by.
Lissy Thomas
Lissy Thomas
Women protection officer
Ernakulam,

No : 1 .

## പ്രോജക്ട് 2016

# വിമൻ പ്രൊട്ടക്ഷൻ ഓഫീസ്

# സാമൂഹ്യനീതി വകുപ്

## ആമുഖം

ഗാർഹിക അതിക്രമങ്ങളിൽ നിന്നുള്ള സ്ത്രീസംരക്ഷണ നിയമം 2005 - ഇന്ത്യാ ഗവൺമെന്റ് 2005 ൽ പാർലമെന്റിൽ പാസ്സാക്കിയ ഈ നിയമം 2006 ഒക്ടോബർ മുതൽ കേരളത്തിൽ പ്രാബല്യത്തിൽ വന്നു. സ്ത്രീ സംരക്ഷണ നിയമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും, സ്ത്രീസുരക്ഷയുടെ നാഴികകല്ലെന്നു വിശേഷിപ്പിക്കപ്പെടുന്നതുമായ ഈ നിയമം നടപ്പിലായി 10 വർഷങ്ങൾക്കിപ്പുറം, ഈ നിയമത്തേക്കുറിച്ചുള്ള ഒരു അവലോകനവും, നിയമം കൊണ്ടുവന്ന സമയത്തെ അവസ്ഥയിൽ നിന്നും സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരുവാൻ പ്രസ്തുത നിയമം എത്രമാത്രം സഹായകമായി എന്നും നിയമം ഉദ്ദേശിച്ച വിധം സ്ത്രീകൾക്കു ഫലദായകമായോ, എന്നും നിയമത്തിന്റെ ഉപഭോക്താക്കളായ സ്ത്രീകൾക്ക് സ്വന്തം അനുഭവത്തിൽ നിന്ന് വെളിപ്പെടുത്തുവാൻ ഒരു അവസരം നൽകേണ്ടത് തികച്ചും അത്യന്താപേക്ഷിതമാണ്.

ഇതിലൂടെ നിയമത്തിന്റെ നടത്തിപ്പിലും, നിയമത്തിൽ തന്നേയും വരുത്തേണ്ട ഭേദഗതികൾ കണ്ടെത്തുവാനും, പോരായ്മകൾ പരിഹരിക്കുവാനും സാധിക്കും. കൂടാതെ നിയമം ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തിയോ, സ്ത്രീകൾക്ക് അതുകൊണ്ട് കുടുംബഭദ്രതയും വ്യക്തിപരമായ ഉയർച്ചയും ഉണ്ടായോ, സാധാരണ സ്ത്രീകൾ ഈ നിയമത്തെ എങ്ങനെ നോക്കികാണുന്നു എന്നെല്ലാം അറിയുവാനും സാധിക്കും. ഇതിനായി ഗാർഹികാതിക്രമങ്ങൾക്ക് വിധേയരായവരും, അതിജീവനത്തിനു ശ്രമിച്ചവരുമായ ഒട്ടനവധി സ്ത്രീകൾ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള മജിസ്ട്രേറ്റ് കോടതികളിൽ നീതി തേടിയെത്തിട്ടുണ്ട്.

ഇപ്രകാരം കേസ് ഫയൽ ചെയ്ത സ്ത്രീകളിൽ നിന്ന് ഓരോ ജില്ലകളിലേയും 100 സ്ത്രീകളെ ഉൾപ്പെടുത്തി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ഒരു സർവ്വേ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഈ നിയമം കൊണ്ട് സ്ത്രീകൾക്കുണ്ടായ ഫലങ്ങളെപ്പറ്റിയുള്ള ഒരു അന്വേഷണമാണ് ഈ പ്രൊജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്.

### ലക്ഷ്യങ്ങൾ

1 ഗാർഹിക അതിക്രമങ്ങളിൽ നിന്നുള്ള സ്ത്രീസംരക്ഷണ നിയമം പത്തുവർഷം പിന്നിടുമ്പോൾ നിയമം കൊണ്ട് ഉദ്ദേശിച്ച ഗുണഫലങ്ങൾ സാധാരണ സ്ത്രീകളിൽ എത്രമാത്രം ഫലപ്രദമായി എത്തി എന്ന് നിയമത്തിന്റെ ഗുണഭോക്താക്കളായ സ്ത്രീകളിൽ നിന്നുതന്നെ ചോദിച്ചറിയുക.

2 നിയമത്തിലെ പഴുതുകളും നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും തിരിച്ചടികളും തിരിച്ചറിഞ്ഞ് നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെടുവാനുള്ള അടിസ്ഥാനരേഖകൾ തയ്യാറാക്കുക.

3 നിയമം ഉണ്ടായതിനാൽ സ്ത്രീകൾക്കുണ്ടായ ഗുണങ്ങളും സുരക്ഷിതത്വ ബോധവും അതി ജീവനത്തിനുള്ള സാഹചര്യവും വിലയിരുത്തുകയും നിയമത്തേക്കുറിച്ചുള്ള അവബോധം പൊതുസമൂഹത്തിലേക്ക് കൂടുതൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള ഒരു അടിസ്ഥാന പ്രമാണം തയ്യാറാക്കുക.

4 സമൂഹത്തിന്റെ അടിസ്ഥാന ശിലയായ കുടുംബം നിലനിർത്തുവാൻ സ്ത്രീയുടെ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് പരമാവധി ശ്രമിക്കുക എന്ന അടിസ്ഥാനപരവും അത്യന്താപേക്ഷിതവുമായ കർത്തവ്യത്തിന് ഈ നിയമം സഹായകമായി എന്നു പരിശോധിക്കുക.

5 കുടുംബത്തിന്റെ നിലനിൽപ്പിനും സ്ത്രീയുടെ അന്തസ്സിനും സുരക്ഷക്കും നിയമത്തിന്റെ കോടതികൾ വഴിയുള്ള നടത്തിപ്പാണോ അതോ സ്റ്റേക്ക് ഹോൾഡേഴ്സിന്റെ കൃത്യസമയത്തുള്ള ഇടപെടലും നിയമത്തേക്കുറിച്ച് പരാതിക്കാർക്കും എതൃകക്ഷിക്കും പൊതുജനത്തിനും നൽകുന്ന അവബോധവും സ്റ്റേക്ക്ഹോൾഡേഴ്സിന്റെ ഭാഗത്ത് നിന്നുള്ള അതിക്രമങ്ങൾക്ക് എതിരായ പ്രതിരോധവും കൃത്യമായ follow up ഉം ഉൾപ്പെടെയുള്ള ചെറുത്തു നിൽപ്പാണോ കൂടുതൽ ഫലപ്രദം ആകുക എന്ന് അന്വേഷിച്ചറിയുക

## പ്രവർത്തനങ്ങൾ

ഈ പ്രൊജക്ടിന്റെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ആക്കികൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുക.

സംസ്ഥാന തലത്തിൽ ഒരു കോ-ഓർഡിനേറ്ററെ കണ്ടെത്തി ചുമതലപ്പെടുത്തുക.

I. ആദ്യഘട്ടം എന്ന നിലയിൽ ഗാർഹികാതിക്രമങ്ങൾക്കിരയാവുകയും കോടതിയിൽ കേസ് നടത്തുകയും ചെയ്ത 100 സ്ത്രീകളെ വീതം ഒരു ജില്ലയിൽ നിന്ന് Random ആയി Select ചെയ്യുക.

II പ്രൊജക്ടിന്റെ ഉദ്ദേശ്യം നടപ്പാകുംവിധം ലളിതവും സുതാര്യവുമായ ഒരു ചോദ്യാവലി തയ്യാറാക്കുക

III വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ സേവനവും, ലഭ്യതയും അനുസരിച്ച് പ്രൊജക്ട് നടപ്പിലാക്കുവാൻ സാധിക്കുന്ന ജില്ലകൾ തെരഞ്ഞെടുക്കുക.

IV ഓരോ ജില്ലകളിലും സർവ്വേ നടത്തുന്നതിന് വിദ്യാഭ്യാസ യോഗ്യതയും കഴിവും സന്നദ്ധതയുള്ളവരെ കണ്ടെത്തുക. അതതു ജില്ലകളിലെ സോഷ്യൽ വർക്ക്, സോഷ്യോളജി, സൈക്കോളജി, നിയമം തുടങ്ങി ഈ നിയമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉന്നത ബിരുദം നൽകുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പഠനത്തോടും ബന്ധപ്പെട്ട പ്രോജക്ടായോ അല്ലാതെയോ ഈ സർവ്വേ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ അതത് വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർ ചെയ്യേണ്ടതാണ്. ഇവരുടെ സേവനം ലഭ്യമാക്കുന്നില്ലാ എങ്കിൽ മറ്റ് ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്.

V സർവ്വേക്കായി നിയോഗിക്കപ്പെടുവാൻ സാധ്യതയുള്ളവരുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി 50 പേരടങ്ങുന്ന ഈ ഗ്രൂപ്പിനെ തയ്യാറാക്കി അവർ വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർ ജില്ല തോറും ആദ്യം DV നിയമത്തേക്കുറിച്ച് വിശദീകരിക്കുന്ന ഒരു ഏകദിന സെമിനാർ സംഘടിപ്പിക്കേണ്ടതും അവർക്ക് വിമൻ പ്രൊട്ടക്ഷൻ ഓഫീസർ അല്ലെങ്കിൽ അവർ നിയോഗിക്കുന്ന ആളോ ക്ലാസ് കൊടുക്കേണ്ടതാണ്. സെമിനാറിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഉദ്ഘാടനം നടത്താവുന്നതാണ്.

VI തെരഞ്ഞെടുക്കപ്പെടുന്ന 10 പേരെ സർവ്വേ നടത്തുവാൻ ഓരോ ജില്ലയിലും ഏല്പിക്കേണ്ടതും സർവ്വേ ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കി റിപ്പോർട്ട് പ്രൊട്ടക്ഷൻ ഓഫീസുകളിൽ എത്തിക്കേണ്ടതുമാണ്.

VII പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് ലഭിച്ച പ്രതികരണങ്ങളിൽ നിന്ന് അതതു ജില്ലകളെ സംബന്ധിച്ച സ്റ്റാറ്റിസ്റ്റിക്സ് ഉണ്ടാക്കുകയും പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കുകയും ഡോക്യുമെന്റേഷൻ നടത്തുകയും ചെയ്യണം. വിവിധ ജില്ലകളിൽ നിന്നും ലഭിക്കുന്ന സ്റ്റാറ്റിസ്റ്റിക്സ് കോ-ഓർഡിനേറ്റർ ക്രോഡീകരിക്കുകയും മൊത്തം സ്റ്റാറ്റിസ്റ്റിക്സ് കണ്ടെത്തുകയും വേണം.

VIII സർവ്വേ ഫലങ്ങളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വരുന്ന അഭിപ്രായങ്ങളും നിയമത്തിലും നിയമത്തിന്റെ നടത്തിപ്പിലും ഉണ്ടാകേണ്ട മാറ്റങ്ങളും നിയമത്തിന്റെ പോരായ്മകളും വിലയിരുത്തി തയ്യാറാക്കിയ റിപ്പോർട്ട് തുടർ നടപടികൾക്കായി സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കുക.

**ധനകാര്യവിശകലനം**

| | |
|---|---|
| നോട്ടീസ്, ബാനർ | 1000.00 |
| സ്റ്റേഷനറി 50 X 50 | 2500.00 |
| ചായ, ലഘുഭക്ഷണം 50 X 20 | 1000.00 |
| ഹോണറേറിയം 2 X 1000 | 2000.00 |
| ഫോട്ടോ | 800.00 |
| പലവക | 1200.00 |
| മൈക്ക്-ഹാൾ ക്രമീകരണം | 2000.00 |
| ഉച്ചഭക്ഷണം 5 X 100 | 5000.00 |
| ഡോക്യുമെന്റേഷൻ, ഫോട്ടോകോപ്പി | 1000.00 |
| സർവ്വേ ക്രോഡീകരണം | 1000.00 |
| സർവ്വേ ചാർജ് + TA 150 X 100 | 15000.00 |
| **ആകെ** | **32500.00** |

**മൊത്തം 32500 X 14 = 4,55,000.00**

**സംസ്ഥാന തല സർവ്വേ ക്രോഡീകരണം = 2000**

**ആകെ = 4,57,000.000**

**(നാലുലക്ഷത്തി അൻപത്തിയേഴായിരം രൂപ മാത്രം)**

**നിർവ്വഹണം**

ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ സഹായത്തോടെ വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സഹകരണത്തോടെ, മാനവിക വിഷയങ്ങളിലും, നിയമത്തിലും ഉന്നതവിദ്യാഭ്യാസം നൽകുന്ന സ്ഥാപന അധികാരികളുടെയും പഠിതാക്കളുടെയും സഹായത്തോടെ ഈ പരിപാടി നടപ്പിലാക്കേണ്ടതാണ്.

**പദ്ധതി നിർവ്വഹണ സമയം**

2016-2017 സാമ്പത്തിക വർഷം

Submitted by.
Lissy Thomas
Lissy Thomas
Women protection officer
Ernakulam Dist

12135
1/6/17

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - ഗാർഹിക പീഢന നിരോധന നിയമത്തെക്കുറിച്ച് ഒരു അവലോകന സർവ്വേയ്ക്ക് അനുമതിയും ഇതിലേക്കാവശ്യമായ തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതിയും നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യ നീതി (എ) വകുപ്പ്**

സ.ഉ (സാധാ) നം.292/2017/സാ.നീ.വ. തിരുവനന്തപുരം, തീയതി, 24/05/2017.

പരാമർശം:- 1) സാമൂഹ്യ നീതി ഡയറക്ടറുടെ 20.04.2017 ലെ എഫ്2-36185/16 നമ്പർ പ്രൊപ്പോസൽ.

2) 26.04.2017 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഗാർഹിക പീഢന നിരോധന നിയമത്തെക്കുറിച്ച് ഒരു അവലോകനവും സർവ്വേയും നടത്തുന്നതിന് ഓരോ ജില്ലയിലെയും ഒരു പ്രൊട്ടക്ഷൻ ഓഫീസർക്ക് *32,500/-* രൂപ വീതം *14* പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് *4,55,000/-* രൂപയും *(32500*X14=455000) സംസ്ഥാനതല സർവ്വേ ക്രോഡീകരണത്തിന് *2,000/-* രൂപയും ചേർത്ത് *4,57,000/-* (നാല് ലക്ഷത്തി അമ്പത്തേഴായിരം രൂപ മാത്രം*)* രൂപ ആവശ്യമാണെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-03 (P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

26.04.2017 ൽ നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രപ്പോസലിന് *(ക്രമ നം. 31)* അംഗീകാരം നൽകിയിട്ടുണ്ട്. ഗാർഹിക പീഢന നിരോധന നിയമത്തെക്കുറിച്ച് ഒരു അവലോകനവും സർവ്വേയും നടത്തുന്നതിനും സംസ്ഥാനതല സർവ്വേ ക്രോഡീകരണത്തിനുമായി *4,57,000/-* രൂപ *(നാല് ലക്ഷത്തി അമ്പത്തേഴായിരം രൂപ മാത്രം)* നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-03 (P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
മിനി ആന്റണി ഐ.എ.എസ്,
സ്പെഷ്യൽ സെക്രട്ടറി,

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

BChiji

സെക്ഷൻ ഓഫീസർ